File No.DIC/133/2022-EE1

**തിരുവനന്തപുരം വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(അവതരണം : രാജീവ് സി.ആർ.)**

ഡി.ഐ.സി./133/2022-ഇഇ1 തീയതി: 20.06.2023

വിഷയം:- വ്യവസായം - ജീവനക്കാര്യം - 31.12.2021 വരെയുള്ള കാലയളവിലെ ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:- 18.02.2022 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

വ്യവസായ വാണിജ്യ വകുപ്പിലെ ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റുമാരുടെ 31.12.2021 വരെയുള്ള സംസ്ഥാനതല താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് പരാമർശം പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത കാലയളവിലുള്ള എല്ലാ ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റുമാരുടെയും വിവരങ്ങൾ താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി ആയത് സംബന്ധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുവാനും, പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് ടി തസ്തികയിൽ സേവന മനുഷ്ഠിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും ആക്ഷേപങ്ങൾ/പരാതികൾ ഉള്ള പക്ഷം ആയതും സമർപ്പിക്കുവാനും മേൽ പരാമർശം പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

(I) താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് താഴെപ്പറയുന്ന ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റുമാർ പരാതികൾ/ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള തീരുമാനവും ചുവടെ ചേർക്കുന്നു.

**<u>1) നവീൻ ഗണേഷ് ടി.എൻ. (ക്രമ നമ്പർ 3)</u>**

താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ തന്റെ പേര് മൂന്നാമതായും ശ്രീ. സെബാസ്റ്റ്യൻ പി.എച്ച്. നെ ഒന്നാമതായും ചേർത്തിരിക്കുന്നു എന്നും, 12.12.2012 തീയതിയിലെ ഇഎ1/10747/2012 നമ്പർ നടപടിക്രമം പ്രകാരം സീനിയർ ക്ലാർക്കിൽ തന്റെ സ്ഥാനം ശ്രീ. സെബാസ്റ്റ്യൻ പി.എച്ച്. ന് മുകളിലായി പുനഃക്രമീകരിച്ച് ഉത്തരവായിരുന്നതാണെന്നും അതിനാൽ തന്റെ സ്ഥാനം ശ്രീ. സെബാസ്റ്റ്യൻ പി.എച്ച്. ന് മുന്നിലായി ചേർത്ത് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. നവീൻ ഗണേഷ് ടി.എൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

31.12.2017 വരെയുള്ള സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി പുനഃപരിശോധിച്ച് 19.02.2020 ലെ DIC/13835/18-EE3 നമ്പർ നടപടിക്രമം പ്രകാരം അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. മേൽ സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ സീനിയർ ക്ലാർക്കിന് മുകളിലേയ്ക്ക് നൽകിയ സ്ഥാനക്കയറ്റങ്ങൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കി പുനഃക്രമീകരിച്ചു നൽകണം എന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതിൻ പ്രകാരം തങ്ങളുടെ ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുനഃക്രമീകരിച്ചു നൽകണം എന്നാവശ്യപ്പെട്ട് സെബാസ്റ്റ്യൻ പി.എച്ച്., ജസ്റ്റിൻ ജെ. എന്നിവർ അപേക്ഷ സമർപ്പിച്ചിരുന്നു.

20.11.2020 ലെ DIC/2916/2020-EC1 നമ്പർ ഉത്തരവ് പ്രകാരം സെബാസ്റ്റ്യൻ പി. എച്ച്., ജസ്റ്റിൻ ജെ., റോസി എം.വി. എന്നിവർക്ക് സീനിയർ ക്ലാർക്ക് തസ്തികയിൽ പ്രസ്തുത ജീവനക്കാർക്ക് ജൂനിയർ ആയ നവീൻ ഗണേഷ് ടി.എൻ. ന് ഹെഡ് ക്ലാർക്ക് / ചീഫ് അക്കൗണ്ടന്റ് തസ്തികയിൽ

സ്ഥാനക്കയറ്റം ലഭിച്ച 21.03.2017 തീയതി പ്രാബല്യത്തിൽ നോഷണൽ ആയി സ്ഥാനക്കയറ്റം നൽകി കൊണ്ട് ഉത്തരവായിട്ടുണ്ട്. മേൽ വിവരം 31.12.2018 വരെയുള്ള ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റായ 12.01.2021 ലെ ഡി.ഐ.സി./5325/2019-ഇഇ1 നമ്പർ നടപടിക്രമത്തിൽ വ്യക്തമായി വിവരിച്ചിട്ടുള്ളതാണ്. തുടർന്ന് 31.12.2019 വരെയുള്ള ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റുമാരുടെ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് 13.10.2020ലും അന്തിമ സീനിയോരിറ്റി ലിസ്റ്റ് 12.07.2021 ലും പ്രസിദ്ധീകരിച്ചിരുന്നു. ആയതിൽ ഒരു പരാതിയും ശ്രീ. നവീൻ ഗണേഷ് ടി.എൻ സമർപ്പിച്ചിട്ടില്ലാത്തതുമാണ്. നിലവിൽ പ്രാബല്യത്തിലില്ലാത്ത സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റ് തസ്തികയിലെ സീനിയോരിറ്റി ഉയർത്തി നൽകണമെന്ന ശ്രീ. നവീൻ ഗണേഷ് ടി.എൻ. ന്റെ അപേക്ഷ പരിഗണിക്കാൻ കഴിയാത്തതിനാൽ നിരസിച്ചിരിക്കുന്നു.

<u>2) സുജാത പി.വി. (ക്രമ നമ്പർ 8)</u>

താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ തന്റെ പേര് പി.വി. സുജാത എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ആയത് സുജാത പി.വി. എന്ന് തിരുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സുജാത പി.വി.. അപേക്ഷ സമർപ്പിച്ചിരിക്കുന്നു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ടിയാരിയുടെ ആവശ്യം പരിഗണിക്കാവുന്നതാണ് എന്ന് ബോദ്ധ്യപ്പെട്ടു. പ്രസ്തുത തിരുത്തൽ സീനിയോറിറ്റി ലിസ്റ്റിൽ വരുത്തിയിട്ടുണ്ട്.

<u>3) രജിത യു.കെ. (ക്രമ നമ്പർ 27)</u>

താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ തന്റെ പേര് Rejitha U.K. എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ആയത് Rajitha U.K. എന്ന് തിരുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് രജിത യു.കെ. അപേക്ഷ സമർപ്പിച്ചിരുന്നു. അനുബന്ധ രേഖകൾ പരിശോധിച്ചതിൽ ടിയാരിയുടെ ആവശ്യം പരിഗണിക്കാവുന്നതാണ് എന്ന് ബോദ്ധ്യപ്പെട്ടു. പ്രസ്തുത തിരുത്തൽ സീനിയോറിറ്റി ലിസ്റ്റിൽ വരുത്തിയിട്ടുണ്ട്.

(II) സ്ഥാനക്കയറ്റം പരിത്യജിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദാക്കാനായി നൽകിയ അപേക്ഷ പരിഗണിക്കാൻ വൈകിയതിനാൽ തനിക്ക് ലഭിക്കേണ്ടിയിരുന്ന പ്രൊമോഷൻ അവകാശം നിഷേധിക്കപ്പെട്ടു എന്നും 31.12.2021 വരെയുള്ള കാലയളവിലെ ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിലെ തന്റെ സ്ഥാനം നോഷണൽ പ്രൊമോഷൻ നൽകി ക്രമീകരിച്ച് ക്രമ നമ്പർ 19 നും 20 നും ഇടയിലായി നൽകി സീനിയോരിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിക്കണമെന്നും ശ്രീ. ശ്രീജിത്ത് വി.എസ് അപേക്ഷിച്ചിരിക്കുന്നു.

ശ്രീ. ശ്രീജിത്ത് വി.എസ്. ന് 05.07.2019 ലെ ഡി.ഐ.സി./12664/2018-ഇസി1 നമ്പർ ഉത്തരവ് പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നതും ടി യാൻ ആയത് പരിത്യജിച്ച നൽകിയ അപേക്ഷ അംഗീകരിക്കുകയും ചെയ്തിരുന്നു. തുടന്ന് മേൽ ഉത്തരവ് റദ്ദു ചെയ്ത് അടുത്ത സ്ഥനക്കയറ്റത്തിന് തന്നെ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ശ്രീജിത്ത് വി.എസ് നൽകിയ അപേക്ഷ സർക്കാർ നിർദ്ദേശാനുസരണം അംഗീകരിച്ച് അടുത്ത സ്ഥാനക്കയറ്റത്തിന് ടിയാനെ പരിഗണിക്കുകയും ചെയ്തിരുന്നു. തന്റെ സ്ഥാനക്കയറ്റത്തിന് മുൻകാല പ്രാബല്യം നൽകണമെന്നും ആയതുപ്രകാരമുള്ള മാറ്റം വരുത്തിയ ശേഷം മാത്രമേ 31.12.2021 വരെയുള്ള കാലയളവിലെ ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് അന്തിമമാക്കി പ്രസിദ്ധീകരിക്കാവൂ എന്ന് വ്യവസായ വാണിജ്യ ഡയറക്ടറെ നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ശ്രീജിത്ത് വി.എസ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പരാതി സമർപ്പിക്കുകയും, സീനിയോരിറ്റി പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്

ആയത് ബാധിക്കുന്ന ജീവനക്കാരുടെ വാദം കേട്ട് തീരുമാനം എടുക്കാൻ ബഹു. ട്രൈബ്യൂണൽ ഉത്തരവാകുകയും ചെയ്തു. ടി ഉത്തരവ് പ്രകാരം മേൽ ജീവനക്കാരുടെ വാദം കേട്ട് ശ്രീ. ശ്രീജിത്ത് വി.എസ്. സ്ഥാനക്കയറ്റം പരിത്യജിച്ചുകൊണ്ടുള്ള ഉത്തരവ് റദ്ദുചെയ്യുന്നതിന് അപേക്ഷ നൽകിയ തീയതിയ്ക്ക് ശേഷം ടിയാന്റെ ജൂനിയറായ ശ്രീമതി രാധിക എൽ. ന് സ്ഥാനക്കയറ്റം ലഭിച്ച 08.11.2019 തീയതി പ്രാബല്യത്തിൽ ടിയാരിക്ക് തൊട്ട് മുകളിലായി നോഷണൽ സ്ഥാനക്കയറ്റം നൽകി 10.01.2023 ലെ ഡി.ഐ.സി./2393/2022-ഇസി1 പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള മാറ്റങ്ങൾ സീനിയോരിറ്റി ലിസ്റ്റിൽ വരുത്തിയിട്ടുണ്ട്.

താത്കാലിക സീനിയോരിറ്റി ലിസ്റ്റിനെതിരെ എല്ലാ ആക്ഷേപങ്ങളും/പരാതികളും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തീർപ്പുകൽപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ 31.12.2021 വരെയുള്ള കാലയളവിലെ ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റുമാരുടെ സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് ചുവടെ പറയും പ്രകാരം അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## <u>ഉത്തരവ്</u>

പരാമർശം പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 31.12.2021 വരെയുള്ള കാലയളവിലെ ഹെഡ് ക്ലാർക്ക്/ചീഫ് അക്കൗണ്ടന്റുമാരുടെ സംസ്ഥാനതല താല്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് അന്തിമമായി പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് ആകുന്നു.

അന്തിമ സീനിയോറിറ്റി ലിസ്റ്റ് വ്യവസായ വാണിജ്യ വകുപ്പിന്റെ **industry.kerala.gov.in** എന്ന വെബ് സൈറ്റിൽ പരിശോധനയ്ക്ക് ലഭ്യമാണ്. എല്ലാ ഓഫീസ് മേലാധികാരികളും പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പെടുത്ത് ബന്ധപ്പെട്ട ഓഫീസുകളിൽ പരസ്യപ്പെടുത്തി ജീവനക്കാർക്ക് (അവധി/അന്യത്ര സേവനത്തിൽ ഉള്ള ജീവനക്കാർ ഉൾപ്പെടെ) പരിശോധിക്കാൻ അവസരം ഒരുക്കേണ്ടതും ലിസ്റ്റ് പരസ്യപ്പെടുത്തിയതിനുള്ള സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് 15 ദിവസത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
**രാജീവ് സി.ആർ.**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:-

1. കയർ വികസന ഡയറക്ടർ, കയർ വികസന ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
2. കൈത്തറി വസ്ത്ര ഡയറക്ടർ, കൈത്തറി വസ്ത്ര ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
3. എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും
4. എല്ലാ കയർ പ്രോജക്ട് ഓഫീസർമാർക്കും
5. ഡെപ്യൂട്ടി ഡയറക്ടർ ഐ.ടി വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. ഇ.സി. സെക്ഷൻ
7. അധിക/സൂക്ഷിപ്പ് ഫയൽ

ഉത്തരവിൻ പ്രകാരം,

**സ്പെഷ്യൽ ഓഫീസർ**

DIC/133/2022-EE1

# FINAL SENIORITY LIST OF HEAD CLERKS/CHIEF ACCOUNTANTS AS ON 31.12.2021

| Sl. No | Name | Date of Birth | Qualification | Promotion Order No.& Date | Date of Seniority Assigned | Remarks |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | Sebastian.P.H | 02.09.1982 | BA,MOP,A/C(L) | EC1/02/2017 dated:06.12.2017 & DIC/2916/2020-EC1 dated:20.11.2020 | 21.03.2017 | Promoted with retrospective effect |
| 2 | Justin.J | 10.03.1983 | BA,MOP,A/C(L &H) | EC1/02/2017 dated:06.12.2017 & DIC/2916/2020-EC1 dated:20.11.2020 | 21.03.2017 | Promoted with retrospective effect |
| 3 | Naveen Ganesh.T.N | 14.05.1981 | SSLC,MOP,A/C(H) | EC1/02/2017 dated:.21.03.2017 | 21.03.2017 | |
| 4 | Rejitha.C.Kunju | 11.05.1982 | Msc, B.Ed, SET, MOP, A/C(L) | EC1/02/2017 dated:29.12.2017 | 06.12.2017 | Promoted with retrospective effect |
| 5 | Jaya.V | 01.05.1983 | SSLC,HSC,NCVT,MOP, A/C(L) | EC1/02/2017 dated:06.12.2017 & DIC/2916/2020-EC1 dated:20.11.2020 | 06.12.2017 | |
| 6 | Sudheeshbabu.K.R | 25.05.1978 | B.Com,HDC,MOP, A/C(L) | EC1/02/2017 dated:06.12.2017 & DIC/2916/2020-EC1 dated:20.11.2020 | 06.12.2017 | |

| DIC/133/2022-EE1 | | | | | | |
|---|---|---|---|---|---|---|
| 7 | Santhosh.P.P | 25.05.1967 | SSLC,MOP,A/C(L) | EC1/02/2017 dated:06.12.2017 & DIC/2916/2020-EC1 dated:20.11.2020 | 06.12.2017 | |
| 8 | Sujatha P.V. | 03.05.1985 | BSc,MSc,MOP,A/C(L) | EC1/02/2017 dated:19.04.2018 | 06.12.2017 | Promoted with retrospective effect |
| 9 | Priya.P | 02.05.1980 | BSc,B.Ed,MOP,A/C(L) | EC1/02/2017 dated:29.12.2017 | 29.12.2017 | |
| 10 | Sheeba.K.P | 31.05.1974 | BSc,HDC,MOP,A/C(H) | EC1/02/2017 dated:01.02.2018 | 01.02.2018 | |
| 11 | Sandhya.G | 25.05.1974 | MSc,B.Ed,HDC,MOP, A/C(L&H) | EC1/02/2017 dated:01.02.2018 | 01.02.2018 | |
| 12 | Abdul Kareem.P | 12.02.1970 | B.Com(Co-Op), MOP,A/C(L) | DIC/12664/2018-EC1 dated:03.07.2018 | 03.07.2018 | |
| 13 | Prakash.S | 31.05.1973 | SSLC,MOP,A/C(L&H) | DIC/12664/2018-EC1 dated:03.07.2018 | 03.07.2018 | |
| 14 | Sajen.P.C | 20.08.1979 | BA,MOP,A/C(L) | DIC/12664/2018-EC1 dated:19.09.2018 | 19.09.2018 | |
| 15 | Sanu.M.S | 31.12.1972 | SSLC,MOP,A/C(L),JDC | DIC/12664/2018-EC1 dated:19.09.2018 | 19.09.2018 | |
| 16 | Jayaraj.K | 01.06.1974 | Pre-Degree,ITI | DIC/12664/2018-EC1 dated:19.09.2018 | 19.09.2018 | |

| DIC/133/2022-EE1 | | | | | | |
|---|---|---|---|---|---|---|
| 17 | Tessy Joseph | 26.05.1970 | BSc,MOP,A/C(L) | DIC/12664/2018-EC1 dated:19.09.2018 | 19.09.2018 | |
| 18 | Kumary Maya | 14.05.1978 | SSLC,BA,B.Ed,A/C(H) | DIC/12664/2018-EC1 dated:05.07.2019 | 05.07.2019 | |
| 19 | Jeni Faizala.K | 20.04.1974 | BA,B.Ed,MOP,A/C(L) | DIC/12664/2018-EC1 dated:24.07.2019 | 24.07.2019 | |
| 20 | Sreejith V.S. | 30.01.1971 | SSLC,MOP,A/C(H) | DIC/12664/2018-EC1 dated:19.01.2021 DIC/2393/2022-EC1 dated:10.01.2023 | 08.11.2019 | Promoted with retrospective effect |
| 21 | Radhika.L | 22.05.1977 | Bsc,HDC,PGDCA,MOP, A/C(L) | DIC/12664/2018-EC1 dated:08.11.2019 | 08.11.2019 | |
| 22 | Shiju.S.N | 07.05.1978 | MA,B.Ed,SET,MOP, A/C(L), JDC | DIC/12664/2018-EC1 dated:08.11.2019 | 08.11.2019 | |
| 23 | Bindu.M.V | 15.05.1969 | PDC,T/W.Eng(L),A/C(L) | DIC/12664/2018-EC1 dated:08.11.2019 | 08.11.2019 | |
| 24 | Sajitha Paul | 25.03.1979 | B.Com,MOP,A/C(L) | DIC/12664/2018-EC1 dated:08.11.2019 | 08.11.2019 | |
| 25 | K.S.Deepakumar | 10.04.1977 | SSLC,MOP,A/C(L&H) | DIC/12664/2018-EC1 dated:08.11.2019 | 08.11.2019 | |
| 26 | Suma Alakkandy | 05.01.1978 | Msc,T/W Eng (L) | DIC/12664/2018-EC1 dated:19.01.2021 | 19.01.2021 | |

| DIC/133/2022-EE1 | | | | | | |
|---|---|---|---|---|---|---|
| 27 | Rajitha U.K. | 15.04.1981 | Dip.in Electronics Engg, MOP, A/C(L) | DIC/12664/2018-EC1 dated:19.01.2021 | 19.01.2021 | |
| 28 | Sangeetha K. | 05.08.1979 | MA, SET, MOP, A/C(L&H) | DIC/12664/2018-EC1 dated:19.01.2021 | 19.01.2021 | |
| 29 | Sreedevi L. | 24.05.1984 | BA, MOP, A/C(L&H) | DIC/12664/2018-EC1 dated:19.01.2021 | 19.01.2021 | |
| 30 | Indhu M. | 13.11.1976 | B.Com, PGDCA, MOP, A/C(L) | DIC/12664/2018-EC1 dated:22.09.2021 | 22.09.2021 | |
| 31 | Sajina K. | 26.05.1974 | MA, T/W Eng & Mal (H), SH.Eng(H), Mal(L), MOP, A/C(H) | DIC/12664/2018-EC1 dated:22.09.2021 | 22.09.2021 | |
| 32 | Beena T.P. | 05.05.1973 | B.Sc, MOP, A/C(H) | DIC/12664/2018-EC1 dated:22.09.2021 | 22.09.2021 | |

**Sd/-**
**SENIOR ADMINISTRATIVE OFFICER**

**Approved for issue**

**SPECIAL OFFICER**